മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: സിൻഡിക്കേറ്റ് തീരുമാനം - പ്രളയദുരിതം - മഹാത്മാഗാന്ധി സർവ്വകലാശാല ദുരിതാശ്വാസ ക്യാമ്പ് - റിപ്പോർട്ട് അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 6718/എ1/1/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 14.09.2018

സൂചന: 30.08.2018-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ.എ. 5/18.07

## ഉത്തരവ്

2018 ആഗസ്റ്റ് മാസത്തിൽ കേരള ജനത നേരിട്ട പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല നടത്തിയ ദുരിതാശ്വാസ ക്യാമ്പുമായി ബന്ധപ്പെട്ട റിപ്പോർട്ട് മേൽ സൂചന പ്രകാരം സിൻഡിക്കേറ്റ് അംഗീകരിച്ചു.

അവധി ദിവസങ്ങൾ ഉൾപ്പടെ എല്ലാ ദിവസവും ക്യാമ്പിൽ സേവനമനുഷ്ഠിച്ച ശ്രീ. രാജേഷ്കുമാർ കെ.റ്റി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ (ഇ.ജെ. 5 സെക്ഷൻ), ശ്രീ. വർഗ്ഗീസ് വി.എം., ക്ലറിക്കൽ അസിസ്റ്റന്റ് എന്നിവരെയും, ശ്രീ. പ്രതീഷ്കുമാറിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളേയും, പ്രത്യേകം അഭിനന്ദിക്കുവാനും തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല ദുരിതാശ്വാസ ക്യാമ്പിൽ പ്രവർത്തിച്ച യൂണിവേഴ്സിറ്റി ജീവനക്കാർക്കും, മറ്റുള്ള ദുരിതാശ്വാസ ക്യാമ്പുകളിൽ പ്രവർത്തിച്ച, റവന്യൂ അധികാരികളുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന യൂണിവേഴ്സിറ്റി ജീവനക്കാർക്കും കോമ്പൻസേറ്ററി ലീവ് അനുവദിക്കുവാൻ തീരുമാനിച്ചു. ഈ അവധി 2018 ഡിസംബർ 31-നകം എടുക്കുവാൻ അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ- I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ/ പ്രൊ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/ ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ അക്കാദമികവിഭാഗം / ധനകാര്യവിഭാഗം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പബ്ലിക് റിലേഷൻസ് ഓഫീസർ/ ഓഡിറ്റ് II & III / എഡി.എ III/ എഡി.എ VI
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
8. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നമ്പർ. എഡി.എ1-1-52/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം